## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2438 | 18/7/2011 -ൽ മറുപടിക്ക്

## കർഷക തൊഴിലാളി പെൻഷൻ കുടിശ്ശിക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) കേരള സംസ്ഥാന കർഷക തൊഴിലാളി ക്ഷേമനിധിയിൽ ഇപ്പോൾ എത്ര അംഗങ്ങളുണ്ടെന്ന് ജില്ല തിരിച്ച് പറയാമോ; | (എ) കേരള കർഷക തൊഴിലാളി ക്ഷേമനിധിയിൽ 31/5/2011 തീയതിയിൽ 16,68,778 പേർ അംഗങ്ങളായുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | - 1,17,448 |
| കൊല്ലം | - 1,12,916 |
| പത്തനംതിട്ട | - 70,523 |
| ആലപ്പുഴ | - 1,00,819 |
| കോട്ടയം | - 1,02,488 |
| ഇടുക്കി | - 77,916 |
| എറണാകുളം | - 1,15,497 |
| തൃശ്ശൂർ | - 1,37,383 |
| പാലക്കാട് | - 2,23,469 |
| മലപ്പുറം | - 1,54,343 |
| കോഴിക്കോട് | - 1,51,625 |
| വയനാട് | - 1,06,911 |
| കണ്ണൂർ | - 1,15,792 |
| കാസർഗോഡ് | - 81,628 |
| **ആകെ** | **- 16,68,778** |

| | |
|---|---|
| (ബി) പ്രസ്തുത ക്ഷേമനിധി അംഗങ്ങൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ പറയാമോ; | (ബി) കർഷക തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

(സി) അംഗങ്ങളുടെ പെൻഷൻ ഇനത്തിൽ കുടിശ്ശിക നൽകുവാനുണ്ടെങ്കിൽ എത്ര മാസത്തേതാണെന്ന് പറയാമോ;

(സി) 2011 മാർച്ച് വരെയുള്ള കർഷക തൊഴിലാളി പെൻഷൻ നൽകിയിട്ടുണ്ട്. ഏപ്രിൽ, മെയ്, ജൂൺ എന്നീ മൂന്നു മാസങ്ങളിലെ പെൻഷൻ കുടിശ്ശികയായുണ്ട്.

(ഡി) മുൻസർക്കാർ ഈ ക്ഷേമനിധിയിലേക്ക് കഴിഞ്ഞ 5 വർഷം നൽകിയ സർക്കാർ വിഹിതത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) മുൻസർക്കാർ കർഷക തൊഴിലാളി ക്ഷേമനിധിയിലേക്ക് കഴിഞ്ഞ 5 വർഷം സർക്കാർവിഹിതമായി നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 2006-07 | - | 1,00,000/- |
| 2007-08 | - | 3,96,75,000/- |
| 2008-09 | - | 5,00,00,000/- |
| 2009-10 | - | 75,50,00,000/- |
| 2010-11 | - | 40,45,00,000/- |
| **ആകെ** | - | **124,92,75,000/- രൂപ** |

(ഇ) വരുന്ന ഓണത്തിനു മുമ്പ് തന്നെ അംഗങ്ങൾക്ക് വിവിധ കുടിശ്ശിക ആനുകൂല്യങ്ങളും പെൻഷനും നൽകുവാൻ നടപടികൾ സ്വീകരിക്കുമോ?

(ഇ) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

## കർഷക തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ

**അതിവർഷാനുകൂല്യം:** ക്ഷേമനിധിയിൽ അംഗത്വമെടുത്ത് തുടർച്ചയായി 40 വർഷം അംശദായം അടച്ച ക്ഷേമനിധി അംഗങ്ങൾക്ക് 60 വയസ്സ് പൂർത്തിയാകുമ്പോൾ/ മരണപ്പെടുമ്പോൾ പരമാവധി 25,000/- രൂപയും കുറവ് അംശദായം അടച്ചവർക്ക് അംഗത്വ കാലത്തിന് ആനുപാതിക തുകയും (പ്രതിവർഷം 625/- രൂപ) നൽകുന്നു. 3 വർഷം അടച്ചവർക്ക് കുറഞ്ഞത് 5,000/- രൂപക്ക് അർഹതയുണ്ട്.

**മരണാനന്തര സഹായം:** 12 മാസത്തെയെങ്കിലും അംശദായം അടച്ചതിനുശേഷം അംഗം മരണപ്പെടുകയാണെങ്കിൽ മരണപ്പെട്ട ക്ഷേമനിധി അംഗത്തിന്റെ നിയമാനുസൃത അവകാശികൾക്ക് റിട്ടയർമെന്റ് ആനുകൂല്യത്തിന് തുല്യമായ തുകയും അടിയന്തിര സഹായമായി 2,000/- രൂപയും നൽകുന്നു.

**വിവാഹധനസഹായം:** വനിതാ ക്ഷേമനിധി അംഗങ്ങളുടെയും ക്ഷേമനിധി അംഗങ്ങളുടെ പെൺകുട്ടികളുടെയും വിവാഹത്തിന് 2,000/- രൂപ ധനസഹായം നൽകുന്നു. (പരമാവധി രണ്ട് തവണ)

**പ്രസവധനസഹായം:** വനിതാ ക്ഷേമനിധി അംഗങ്ങൾക്ക് 1,000/- രൂപ ധനസഹായം നൽകുന്നു. (പരമാവധി രണ്ട് തവണ)

**ചികിത്സാ ധനസഹായം:** ക്ഷേമനിധി അംഗങ്ങൾക്ക് അസുഖം/അപകടം മൂലമുണ്ടാകുന്ന ചികിത്സക്ക് 5 വർഷത്തിലൊരിക്കൽ 1,000/- രൂപ നൽകുന്നു.

**വിദ്യാഭ്യാസ അവാർഡ്:** ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് എസ്.എസ്.എൽ.സി/ ടി.എച്ച്.എസ്.എസ്.എൽ.സി. പരീക്ഷക്ക് ലഭിക്കുന്ന ഉന്നത വിജയത്തിന് ക്യാഷ് അവാർഡ്. അവാർഡ് തുക ബഡ്ജറ്റിന് വിധേയമായി ബോർഡ് അതാതുവർഷം നിശ്ചയിക്കുന്നു.

Lekha
സെക്ഷൻ ഓഫീസർ